**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 621** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ഇ.എസ്.എ. വിജ്ഞാപനത്തിലെ ആശങ്കകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീമതി കെ. കെ. രമ

ശ്രീ. രമേഷ് പിഷാരടി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പരിസ്ഥിതിലോല മേഖലാ നിയമങ്ങളുടെ പേരിൽ കർഷകരുടെ ഭൂമി നിർബന്ധിതമായി ഏറ്റെടുക്കുകയില്ലെന്നും ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായാൽ മതിയായ നഷ്ടപരിഹാരം നൽകി മാത്രമേ ഏറ്റെടുക്കുകയുള്ളൂ എന്നും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശം (ESA) വിജ്ഞാപനത്തിൻ്റെ ഭാഗമായി കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നതായി നിലവിലെ കേന്ദ്ര കരട് വിജ്ഞാപനത്തിലോ സംസ്ഥാനത്തിൻ്റെ പരിഷ്കരിച്ച ESA നിർദ്ദേശത്തിലോ പ്രതിപാദിച്ചിട്ടില്ല.

**(ബി)** സംസ്ഥാനത്തെ പരമാവധി പ്രദേശങ്ങളെ ഇ.എസ്.എ. പരിധിയിൽനിന്ന് ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026-ലെ കേന്ദ്ര കരട് വിജ്ഞാപനത്തിൽ കേരളത്തിൽ 131 വില്ലേജുകളിലായി ഏകദേശം 9993.7 ച.കി.മീ. പ്രദേശമാണ് ESA ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്മേൽ സംസ്ഥാന സർക്കാർ വിശദമായ GIS സ്ഥലപരിശോധന, ജില്ലാ/പ്രാദേശികതല പരിശോധനകൾ, കേന്ദ്ര സർക്കാർ നിയോഗിച്ച പശ്ചിമഘട്ട പരിസ്ഥിതിലോല വിദഗ്ധ സമിതിയുമായി മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും നടത്തിയ വിശദമായ ചർച്ചകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 98 വില്ലേജുകളിലായി 8,590.69 ച.കി.മീ. പ്രദേശം ESA യിൽ ഉൾപ്പെടുന്ന തരത്തിൽ പരിഷ്കരിച്ച നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി 24.09.2026-ൽ സമർപ്പിച്ചിട്ടുണ്ട്.

ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടം മേഖലകൾ തുടങ്ങിയ സാംസ്കാരിക ഭൂപ്രദേശങ്ങൾ ESA യിൽ നിന്നും പൂർണമായും ഒഴിവാക്കിയാണ് സംസ്ഥാനത്തിൻ്റെ പരിഷ്കരിച്ച നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 24.09.2026-ൽ സമർപ്പിച്ചിട്ടുള്ളത്. ഇതിനായി നിയമസഭ യോജിച്ച് പാസ്സാക്കിയ പ്രമേയവും കേന്ദ്രസർക്കാരിലേക്ക് അയക്കുന്നതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**(സി)** ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും തോട്ടം മേഖലയെയും ഇ.എസ്.എ. പരിധിയിൽനിന്ന് പൂർണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**